LIBRARY ARCHIVES Kerala Legislative Assembly

പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ വീട് നിർമ്മിക്കുന്ന പദ്ധതി

175 (6626) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വീട് നിർമ്മിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണച്ചെലവ് ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി.യുടെ ഒരു ഉപോത്പന്നമായ GFRG (ഗ്ലാസ് ഫൈബർ റീ-ഇൻഫോഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.റ്റി.യുടെ സാങ്കേതിക സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ച് വരുന്നുണ്ട്. ഈ സാങ്കേതിക വിദ്യ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ബോർഡ് നടപ്പിലാക്കി വരുന്ന പോസ്റ്റാനികരെ സാഫല്യം ഭവന പദ്ധതി ഈ വിദ്യയിലൂടെയാണ് നിർമ്മിക്കുന്നത്.

കെട്ടിട നിർമ്മാണ മേഖലയിൽ പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിലുള്ള നിർമ്മാണ പ്രവൃത്തികൾ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നിരവധി ഉപോത്പന്നങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉല്പാദനശാലകളിൽ നിർമ്മിച്ചുവരുന്നുണ്ട്.

മണൽ ഇറക്കുമതി

176 (6627) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്ന് മണൽകൊണ്ടുവരുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ) ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.